# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്തല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി5)2285/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി5)2285/2022 തീയ്യതി: 02/03/2023

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
പുഷ്പ ആർ , അസി.ഓഡിറ്റ് ഓഫീസർ
ഷൈനി പി എം, അസി.ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഷാഫി , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. പ്രീജ കുഞ്ഞുമോൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. നിസാമോൾഎം.പി | സെക്രട്ടറി | 01-04-2021 | 25-06-2021 |
| ശ്രീമതി. ആരതി ബാബു(ഇൻ ചാർജ്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2021 | 08-08-2021 |
| ശ്രീ റെജിമോൻ പി പി | സെക്രട്ടറി | 09-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആരതി ബാബു | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.സീന കെ | അസി. എൻജിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. അരുൺകുമാർ.എൻ.കെ. | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി മാരിയറ്റ് ജോസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീകല വി.എസ്. | മെഡിക്കൽ ഓഫീസർ , FHC | 01-04-2021 | 31-03-2022 |
| ഡോ. സ്മിത റാണി | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.മഹേഷ് പി വി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ഷെഹർബാൻ പി.എം. | വെറ്റിനറി സർജൻ | 01-04-2021 | 17-11-2021 |
| ഡോ.ബബിത | വെറ്റിനറി സർജൻ | 18-11-2021 | 31-03-2022 |
| ശ്രീമതി മാരിയറ്റ് ജോസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സഹീറ എം.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആൻസി സെബാസ്റ്റ്യൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി.ഷെഫീന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു | 1-12 |
| 14 | ചെക്കുകളുടെ വിവരം ബാങ്ക് ബുക്കി**ൽ** രേഖപ്പെടുത്തിയിട്ടില്ല | 1-13 |
| 15 | കളക്ഷനായി ന**ൽ**കിയ ചെക്ക് പാസായിട്ടില്ല | 1-14 |
| 16 | തൊഴി**ൽ** നികുതി അപാകതക**ൾ** | 1-15 |
| 17 | വസ്തു നികുതി നി**ർ**ണ്ണയത്തി**ൽ** കുറവ് | 1-16 |
| 18 | യു.എ. രജിസ്റ്റ**ർ** ഹാജരാക്കിയിട്ടില്ല | 1-17 |
| 19 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളുടെ അപാകതൾ | 1-18 |
| 20 | എം.എൻ ലക്ഷം വീട് - ഇരട്ട വീടുകൾ ഒറ്റ വീട് ആക്കി മാറ്റൽ - അപാകതകൾ | 1-19 |
| 21 | ടോയ് ലറ്റ് മെയിൻറനൻസ് പദ്ധതി -3195000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 22 | ലൈഫ് ഭവന പദ്ധതി - അപാകതകൾ | 1-21 |
| 23 | സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ലാതെ തുക അനുവദിച്ചു | 1-22 |
| 24 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം - അപാകതകൾ | 1-23 |
| 25 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ അപാകതകൾ | 1-24 |
| 26 | ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ - അപാകതകൾ . | 1-25 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ -760378/രൂപയുടെ ചെലവ് വിവരം വ്യക്തമല്ല | 1-26 |

| | | |
|---|---|---|
| 28 | കറവ പശു വളർത്തൽ പദ്ധതി (വനിത)-ബാങ്കുമായി കരാറിൽ ഏർപ്പെടുന്നില്ല. | 1-27 |
| 29 | വിവിധ വാർഡുകളിലേക്ക് എൽ.ഇ.ഡി ബൾബുകൾ വാങ്ങൽ | 1-28 |
| 30 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 31 | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1772698/-രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 32 | SSAവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-31 |
| 33 | മാരിയിൽ ബൈലൈൻ റോഡ് ടൈൽ വിരിക്കൽ -വാർഡ് 19 | 1-32 |
| 34 | അംഗൻവാടി നിർമ്മാണം - അപാകത | 1-33 |
| 35 | പ്രീമൺസൂൺ ക്ലീനിംഗ് - അപാകത 420000/- രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 36 | വൗച്ചറുകൾ/ബിൽ രജിസ്റ്ററിന്റെ പരിപാലനം കൃത്യമല്ല. | 1-35 |
| 37 | മുൻകൂർ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-36 |
| 38 | പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയില്ല | 1-37 |
| 39 | മരുന്ന് ലഭ്യമായില്ല | 1-38 |
| 40 | സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ | 1-39 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ സമയബന്ധിതമായി പൂർത്തീകരിച്ചില്ല 1336000/- നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 20.2.2021 ലെ 1(1)നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 17.03.2022 ലെ 1(1) തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 15615482 | 68016183 | 54849104 |
| വരവ് | 255000000 | 286253901 | 130288940 |
| ആകെ | 270615482 | 354270084 | 185138044 |
| ചെലവ് | 264327797 | 328541168 | 134791775 |
| നീക്കിയിരിപ്പ് | 6287685 | 25728916 | 50346269 |

ബജറ്റ് പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള യഥാർത്ഥ വരവ് ചെലവുകൾ പരിശോധിച്ചാൽ ഇവ തമ്മിൽ വലിയ അന്തരമുണ്ടെന്ന് വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ വരവു ചെലവുകളുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

2) വികസന ഫണ്ട് SCP : ACR പ്രകാരമുള്ള ചെലവ് 71,00,426 - രൂപയും AFS പ്രകാരമുള്ള ചെലവ് 70,00,426 /- രൂപയുമാണ്. ഒരു ലക്ഷം രൂപയുടെ ബിൽ തയ്യാറാക്കിയെങ്കിലും തുക ചെലവായിട്ടില്ല എന്ന മറുപടി ലഭ്യമാക്കി.

3) B4 ഷെഡ്യൂൾ പ്രകാരം Joint Venture Projects (Block Panchayath) 27,09,643 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 1,60,000/- രൂപയും ബാലൻസ് ഉണ്ട് . എന്നാൽ ബാങ്ക് അക്കൗണ്ട് പ്രകാരം 5,56,517/- (450650109) രൂപയാണ് നീക്കിയിരുപ്പ് ഉള്ളത്. തുകകൾ തനതു ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. വ്യത്യാസത്തിന് കാരണം എന്ന് മറുപടി നൽകി.

4) CGST, SGSTഇനത്തിൽ തൻവർഷം വരവായതും അടവാക്കിയതുമായ തുകകളും B-9 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണെന്ന് മറുപടി ലഭ്യമാക്കി.

5) താഴെപ്പറയുന്ന ഇനങ്ങളുടെ മുൻവർഷ കുടിശ്ശിക, തൻവർഷ വരവ് എന്നിവ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
എ) വസ്തു നികുതി
ബി) തൊഴിൽ നികുതി തുടർ വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

6) സ്വച്ഛ് ഭാരത് മിഷൻ ബി-4ഷെഡ്യൂളിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 43,60,919/-രൂപ നീക്കിയിരുപ്പ് ഉണ്ട്. ഈ തുക തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് മറുപടിയിൽ വ്യക്തമാക്കി.

7) ബി-4ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
എ) ഹെഡ്-320200301- തുക 20,98,333/-
ബി) ഹെഡ്-320200399- തുക 10,31,415/-
സി) ഹെഡ്-320300199- തുക 13,35,334/-
ഡി) ഹെഡ്-320200309 തുക : 30430/-

8) CFC ഫണ്ട് ബാങ്കിൽ നീക്കിയിരുപ്പുള്ള തുകകളും ലാപ്സായ തുകകളും ACR നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

9) CFC Untied Grant ആകെ വരവ് 4012742 രൂപയും ചെലവ് 4779367 രൂപയും ആണ്. 635121 രൂപ ബേസിക് ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ചു. ഇപ്രകാരമൊരു നടപടിയ്ക്ക് വിശദീകരണം

ലഭ്യമാക്കിയില്ല.
CFC ഫണ്ട് ബാങ്കിൽ നീക്കിയിരുപ്പുള്ള തുകകളും ലാപ്സായ തുകകളും ACR മായി പൊരുത്തപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

10) AFS RP- 5ൽ 150400199ഹെഡിൽ Hire Charge Of Other Vehicle -എന്ന ഇനത്തിൽ (-) 410/- രൂപയാണ് ചേർത്തിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കിയില്ല.

11) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

12) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14.12.2022 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയും പരിഗണിച്ചാണ് ഖണ്ഡിക തയ്യാറാക്കിയിട്ടുള്ളത്.
വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 54849104.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 130288940.00 |
| ആകെ | | 185138044.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 134791775.00 |
| നീക്കിയിരിപ്പ് | | 50346269.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6306 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,36,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 85,11,449 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18625732 | 18625732 | 18610763 | 0 | 613200(GO Projects) 14969(lapse) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9730634 | 9730634 | 7100426 | 0 | 2630208 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 243000 | 243000 | 82111 | 0 | 160889 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 78,65,804 | 78,65,804 | 5177321 | 0 | 2688483 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 29,244,000 | 29,244,000 | 11935309 | 0 | 1,73,08,691 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 5917000 | 5917000 | 2407684 | 3509316 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied Fund) | | 4012742 | 4012742 | 4527423 | -514681* | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant -Consolidated Fund) | 0 | 7310000 | 7310000 | 3377270 | 0 | 3932730 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant | | 200246 | 200246 | 200246 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| -Consolidated Fund) | | | | | | |
| ദുരിതാശ്വാസ നിധി | 2026 | 81 | 2107 | 0 | 2107 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്-അങ്കണവാടി പൂരക പോഷകാഹാരം | 1263249 | 2056532 | 3319781 | 1639912 | 1679869 | 0 |
| സാനിട്ടേഷൻ 320100115 | 1508 | 0 | 1508 | 0 | 1508 | 0 |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | 2200000 | 2200000 | 0 | 2200000 | |
| വിമുക്തി ഫണ്ട് | 30430 | 0 | 30430 | 0 | 30430 | 0 |
| സാക്ഷരത | 42653 | 1163 | 43816 | 0 | 43816 | 0 |
| ശുചിത്വമിഷൻ 320200322 | 6945919 | 210000 | 7155919 | 2795000 | 4360919 | |
| എം എൻ ലക്ഷം വീട് | 1283974 | 52860 | 1336834 | 1500 | 1335334 | |

1)വികസന ഫണ്ട് SCP : ACR പ്രകാരമുള്ള ചെലവ് 71,00,426 - രൂപയും AFS പ്രകാരമുള്ള ചെലവ് 70,00,426 /- രൂപയുമാണ്.

2)*CFC Untied Grant ആകെ വരവ് 4012742 രൂപയും ചെലവ് 4779367 രൂപയും ആണ്. 635121 രൂപ ബേസിക് ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ചു.CFC ഫണ്ട് ബാങ്കിൽ നീക്കിയിരുപ്പുള്ള തുകകളും ലാപ്സായ തുകകളും ACR ബാലൻസ് തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകൾ വികസനഫണ്ട് (ജനറൽ )ഒഴികെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എസ് സി പി, ടി എസ് പി ഇനങ്ങളിലെ ഗ്രാന്റ് തുക പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.
മാർഗ്ഗരേഖപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 204503773 | 169 | 94907612 | 18 | 70 | 65.75 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7832 | 462124 | 469956 | 469441 | 515 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 19145799 | 19145799 | 19145799 | |
| ആകെ | 7832 | 19607923 | 19615755 | 19615240 | 515 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5558600 | 377 |
| വിധവാപെൻഷൻ | 24777000 | 1599 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 48466500 | 3424 |
| വികലാംഗപെൻഷൻ | 8037100 | 539 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 478200 | 35 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27883/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.06.2021 മുതൽ 06.06.2021 വരെ | 01.08.2020 മുതൽ 30.09.2020 വരെ | 16.11.2021 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 15.02.2018 മുതൽ 26.02.2018 വരെ | 2012-13 മുതൽ 2016-17 വരെ | 16.04.2018 |

## 1-10 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു

1) വൗച്ചറുകളുടെ/ ബിൽ രജിസ്റ്ററിന്റെ പരിപാലനം

എടത്തല ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വൗച്ചറുകളുടെ പരിപാലനം തൃപ്തികരമല്ല. സാംഖ്യയിൽ നിന്നുള്ള പെയ്മെന്റ് വൗച്ചറുകൾ രേഖകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ക്രമമായിട്ടല്ല വൗച്ചറുകൾ സൂക്ഷിച്ചിട്ടുള്ളത്. ബിൽ രജിസ്റ്ററിന്റെ പരിപാലനവും തൃപ്തികരമല്ല. 26.3.2022 തീയതി വരെ മാത്രമാണ് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉള്ളത്. ചെക്ക് നം, തീയതി എന്നിവ പല ചെലവു തുകകളോടൊപ്പം ചേർത്തിട്ടില്ല. പേയ്മെന്റ് നടന്നിട്ടുള്ളതിന്റെ ഫണ്ടിനം ഏത് എന്ന് വ്യക്തമാകുന്നതിന് സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ ആവശ്യമാണെന്നിരിക്കെ അവ വൗച്ചറിന്റെ ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പേയ്മെന്റ് വൗച്ചറുകൾ ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബിൽ രജിസ്റ്ററും വൗച്ചറുകളും വ്യക്തമായി സൂക്ഷിക്കേണ്ടതാണ്.

2) രസീതുകളിൽ Certificate Of Count രേഖപ്പെടുത്തിയിട്ടില്ല. Out Door Collection Register സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

5) ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

6) പൊതുമരാമത്ത് പ്രവൃത്തികൾ പലതും ഒരേ പ്രവൃത്തിതന്നെ വിവിധ പ്രോജക്റ്റുകളായി നടപ്പാക്കുന്നു. കൂടാതെ എം എൻ ആർ ഇ ജി എസ് ഫണ്ടും മറ്റ് ഫണ്ടുകളും ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കുമ്പോൾ ഫയലുകളിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

7) വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ ഗുണഭോക്താക്കളുടെ അർഹതാ ലിസ്റ്റ് ലഭ്യമാക്കിയില്ല.

പഞ്ചായത്തിൽ നിന്നും ലഭ്യമായ കമ്മിറ്റി അംഗീകരിച്ച മുൻഗണന ലിസ്റ്റ് ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. 2021-22 വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് 2021 ഫെബ്രുവരി മാസത്തിലും പിന്നീട് 2022 ജനുവരിയിൽ ഓൺലൈനായുമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.

## 1-12 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ്

ചെയ്യപ്പെട്ട

ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടതായി കാണുന്നു. ഇക്കാരണത്താൽ സഞ്ചയയിലെ വസ്തുനികുതി കളക്ഷനിലും
കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാംഖ്യാ രസീത് നമ്പർ /തീയതി | കെട്ടിട നമ്പർ | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക | സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ട തുക |
|---|---|---|---|---|
| 1 | 121060110121, 24.03.2022 | 13/699/a | 2581 | 2571 |
| 2 | 121060110643, 26.03.2022 | 11/101 | 450 | 440 |
| 3 | 121060110774, 26.03.2022 | 20/141/v | 1472 | 1462 |
| 4 | 121060111398, 30.03.2022 | 19/280/c | 1266 | 1256 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 / 19.12.2022) മറുപടി ലഭിച്ചിട്ടുണ്ട്. സാംഖ്യയിൽ രസീത് ക്യാൻസൽ ചെയ്യുമ്പോൾ ഓട്ടോമാറ്റിക്കായി സഞ്ചയയിൽ നിന്ന് ക്യാൻസൽ ആകുന്ന രീതിയിലാണ് സോഫ്റ്റ് വെയർ പ്രവർത്തിക്കുന്നതെന്നും, സോഫ്റ്റ് വെയർ എറർ കാരണമാണ് മേൽ രസീതുകൾ ക്യാൻസൽ ആകാതെ വന്നതെന്നും, ഇൻഫർമേഷൻ കേരള മിഷനിൽ (IKM) പരാതി രജിസ്റ്റർ ചെയ്ത് അപാകത പരിഹരിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. മേൽ രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ചെക്കുകളുടെ വിവരം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

എടത്തല സർവീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നം:1829) സ്റ്റേറ്റ്മെന്റ് പ്രകാരം പണം പിൻവലിക്കലുകൾ നടത്തിയ ചെക്കുകളുടെ വിവരം ബാങ്ക് ബുക്ക്, ബിൽ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പണം പിൻവലിച്ച തീയതി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെക്ക് നം | തുക |
|---|---|---|
| 31.03.2022 | 79550 | 1501584 |
| 30.03.2022 | 79548 | 702620 |
| 30.03.2022 | 79543 | 1781564 |
| 21.03.2022 | 76415 | 594854 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/ 20.12.2022), മേൽ ചെക്കുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മാർച്ചിലെ തിരക്കുകൾക്കിടയിൽ ചെക്ക് നമ്പർ മാറിപ്പോയതാണെന്നും മറുപടി നൽകി. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കളക്ഷനായി നൽകിയ ചെക്ക് പാസായിട്ടില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2022 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷനായി ബാങ്കിലേക്ക് നൽകിയ ചെക്ക് പാസായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 128555 | 23.03.2020 | 8968/- |

ചെക്ക് കാലാവധി കഴിഞ്ഞതായി കാണുന്നു. ടി ചെക്കിന്റെ വിവരങ്ങളും പകരം ചെക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/ 20.12.2022), ടി തുക ജിയോ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ നികുതിയാണെന്നും, ആയത് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. നികുതി തുക ഈടാക്കി രേഖകൾ

ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി അപാകതകൾ

### 1)സ്ഥാപന തൊഴിൽ നികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഒരോ കമ്പനിയും ആ അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ 2021-22 ലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻഷ്യൽ കോപ്പറേറ്റീവ് ലിമിറ്റഡ് | 2021-22 രണ്ട് അർദ്ധവർഷങ്ങൾ |
| 2 | കെ.എസ്.ഇ.ബി, എടത്തല ഇലക്ട്രിക്കൽ സെക്ഷൻ | 2021-22 രണ്ട് അർദ്ധവർഷങ്ങൾ |
| 3 | യൂണിയൻ ബാങ്ക് എടത്തല | 2021-22 രണ്ട് അർദ്ധവർഷങ്ങൾ |
| 4 | ഹെഡ്ജ് ഫിനാൻസ് ലിമിറ്റഡ് | 2021-22 രണ്ടാം അർദ്ധവർഷം |
| 5 | ഫെഡറൽ ബാങ്ക് പുക്കാട്ടുപടി | 2021-22 രണ്ടാം അർദ്ധവർഷം |
| 6 | എസ്.ബി.ഐ എടത്തല | 2021-22 ഒന്നാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 / 16.12.2022) മറുപടി ലഭിച്ചിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 2) ജീവനക്കാരുടെ തൊഴിൽ നികുതി

കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2020--2021 സാമ്പത്തിക വർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 31 | രമേഷ് പി | ഓറിയന്റ് ഇലക്ട്രിക് ലിമിറ്റഡ് | 10 |
| 2 | 45 | നിധീഷ് എൽദോ ജോസഫ് | റ്റി. ജെ റബേഴ്സ് | 9 |
| 3 | 62 | അയൂബ് ബി എ | ഓറിയന്റ് ഇൻഡസ്ട്രീസ് | 9 |
| 4 | 67 | വി എച്ച് നൂർ സലാം | ക്രസന്റ് ക്രമ്പ്സ് | 21 |
| 5 | 101 | ബിശ്വനാഥ് മന്ന | എ ബി മൗറി ഇന്ത്യ പൈ. ലിമിറ്റഡ് | 9 |
| 6 | 148 | എം ബി മുഹമ്മദ് അലി | മെഴുക്കാട്ടിൽ മിൽസ് | 25 |
| 7 | 273 | ബി എച്ച് അബ്ദുൽ ഖാദിർ | സഫ പ്ലൈവുഡ്സ് | 30 |
| 8 | 275 | ടാറ്റാ കൺസ്യൂമർ പ്രൊഡക്ട് | സ്റ്റോറിംഗ് റോ ടീ (തേയില സ്റ്റോറിംഗ്) | 8 |
| 9 | 290 | അനീസ് അഹമ്മദ് | ഗ്രീൻ നാച്വറൽ എക്സ്ട്രാക്ട് | 8 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26 / 21.12.2022) തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

2021-22 വർഷം ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങളിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്, അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്താത്തതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 2.1 -ൽ ചേർക്കുന്നു.

### 1-17 യു.എ. രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. ടി സർക്കുലർ പ്രകാരം രജിസ്റ്ററിൽ ചട്ടലംഘനത്തെ കുറിച്ചുള്ള വിവരങ്ങളും (റൂൾ സഹിതം), സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. യു.എ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/ 22.12.2011), യു.എ. രജിസ്റ്റർ ഓഫീസിൽ ലഭ്യമായിട്ടില്ലെന്നും, ഈ വർഷം മുതൽ പുതിയ രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും മറുപടി ലഭിച്ചു. മേൽ സർക്കുലർ പ്രകാരമുള്ള യു.എ. രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-18 വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളുടെ അപാകതൾ

2021-22 വർഷം വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ അർഹതാ ലിസ്റ്റ് ലഭ്യമാ ക്കിയില്ല.

2. ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ 710 പേരുടെ ലിസ്റ്റിൽ നിന്നും 2021-22 വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല . അർഹതാ ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ 710 പേരുടെ ലിസ്റ്റിൽ നിന്നുള്ളവർക്കാണോ ആനുകൂല്യം ലഭിച്ചതെന്ന് പരിശോധിക്കാൻ സാധിച്ചില്ല.

3. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മുൻഗണന ലിസ്റ്റ് ലഭ്യമാക്കിയില്ല.

4. ടോയിലറ്റ് മെയിന്റനൻസ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല. ആയതിനാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടവരാണോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5. ജനറൽ വിഭാഗത്തിന് ഒരു റേഷൻ കാർഡിന് ഒരു വീട് എന്നത് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

6. വീട് മെയിന്റനൻസ് പദ്ധതിയിൽ വീടുകളുടെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (നം-29/22.12.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 എം.എൻ ലക്ഷം വീട് - ഇരട്ട വീടുകൾ ഒറ്റ വീട് ആക്കി മാറ്റൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | എം. എൻ ലക്ഷം വീട്- ഇരട്ട വീടുകൾ ഒറ്റ വീട് ആക്കി മാറ്റൽ 253/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 800000/ (തനതുഫണ്ട്) |
| ചെലവ് | 640000/(തനതുഫണ്ട്) |
| | 160000/ ചെക്ക് നം-5189492 തി 12.1.22<br>120000/ചെക്ക് നം-5189494തി 2.02.22<br>40000/ചെക്ക് നം-63124തി 28.02.22<br>320000/ചെക്ക് നം -74615 തി 19.03.22 |

പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് 400000/ രൂപ വീതം വീട് പൂർത്തീകരിക്കുന്ന ഘട്ടങ്ങൾ അനുസരിച്ച് 4 ഘട്ടമായി തുക നൽകുന്നതിന് 800000/ രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിലെ താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

2. അർഹരായ ഗുണഭോക്താക്കളുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയില്ല.

3. പദ്ധതി പ്രകാരം 2 ഗുണഭോക്താക്കളുമായി ആണ് കരാർ വയ്ക്കേണ്ടതെങ്കിലും 11 പേരുമായി കരാർ വയ്ക്കുകയും 6 പേർക്ക് (6*40000=240000, &200000*2) 640000/ രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അടങ്കൽ തുകയ്ക്ക് അനുസൃതമായി മാത്രം ഗുണഭോക്താക്കളുമായി

കരാറിൽ ഏർപ്പെടാത്തത് കാരണം കരാറിൽ ഏർപ്പെട്ടിട്ടുള്ള ബാക്കി 9 ഗുണഭോക്താക്കളുടെ വീട് പൂർത്തീകരണം സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
5. പദ്ധതിയിലെ ഗുണഭോക്താവായ മുരുകൻ, S/o ദണ്ഡപാണി, കീത്തോളിപറമ്പ്, കുറ്റിക്കാട്ടുകര,ഏലൂർ മുനിസിപ്പാലിറ്റി എന്നയാളുടെ രേഖകൾ എല്ലാം ഏലൂർ മുനിസിപ്പാലിറ്റിയിൽ നിന്നുള്ളതാണ്. ഏലൂർ മുനിസിപ്പാലിറ്റിയിൽ താമസക്കാരനായ ടിയാൾക്ക് എടത്തല പഞ്ചായത്തിൽ 6/317 പ്രകാരം അംബേദ്കർ ഗ്രാമം വാർഡിൽ പുരയിടം ഉണ്ട്. ഏലൂർ മുനിസിപ്പാലിറ്റിയിൽ 13ാം വാർഡിൽ താമസക്കാരനായ മുരുകന് മുനിസിപ്പാലിറ്റിയിൽ വീടില്ല എന്നതിന്റെയും ടിയാളുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് ആർക്കും വീടില്ല എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.
പദ്ധതി രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.12.22) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ടോയ് ലറ്റ് മെയിൻറനൻസ് പദ്ധതി -3195000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | ടോയ് ലറ്റ് മെയിൻറനൻസ്, 100/22 |
| അടങ്കൽ | 4685000/(കേന്ദ്രാവിഷ്കൃതഫണ്ട് -4683038, തനത് ഫണ്ട് -1962) |
| ചെലവ് | 3195000/(കേന്ദ്രാവിഷ്കൃതഫണ്ട് ) |
| ചെക്ക് നംമ്പർ/ തിയതി | 5000/ - ചെക്ക് നംമ്പർ 78643 /8.09.21<br>890000/ചെക്ക് നംമ്പർ 4362653/ 09.11.21<br>765000/ ചെക്ക് നംമ്പർ 4362659/ 07.12.21<br>615000/ ചെക്ക് നംമ്പർ 5189491/30.12.21<br>305000/ ചെക്ക് നംമ്പർ 5189506/ 17.03.22<br>215000/ചെക്ക് നംമ്പർ 5189505/ 26.03.22<br>400000/ ചെക്ക് നംമ്പർ ലഭ്യമല്ല |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 639 ഗുണഭോക്താക്കൾക്ക് 5000/ രൂപ വീതം ടോയ് ലറ്റ് മെയിൻറനൻസിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ടോയ് ലറ്റ് മെയിന്റിനൻസിന് അർഹരായവരുടെ ഗുണഭോക്തൃ പട്ടിക ഹാജരാക്കിയില്ല.

2. ടോയ് ലറ്റ് മെയിൻറനൻസിന് 5000/ രൂപയായി സബ്സിഡി നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

3. മെയിന്ററനൻസിന് ആവശ്യമായ വാല്യുവേഷൻ ഇല്ലാതെയാണ് മുഴുവൻ ഗുണഭോക്താക്കൾക്കും തുക നൽകിയിരിക്കുന്നത്.

4. ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമായതിന്റെ കൈപറ്റ് രസീതോ, ബാങ്ക് സ്റ്റേറ്റ്മെന്റോ(UTR Statement) ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/19.12.22) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ചെലവിലെ 400000/ രൂപയുടെ ബിൽ/ചെക്ക് ഹാജരാക്കിയില്ല (എൻക്വയറി നം-24/21.12.22). സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ച് പദ്ധതി നടപ്പിലാക്കാത്തതിനാൽ ടോയ് ലറ്റ് മെയിന്റനൻസിനായി ചെലവഴിച്ച 3195000/ രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 ലൈഫ് ഭവന പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ
ലൈഫ് ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട 61 ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ (Phase 11) ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായ തുക 400000/ രൂപ പൂർണ്ണമായും കൈപറ്റിയിട്ടില്ല.

| ഗുണഭോക്താവ് | അനുവദിച്ച തുക |
|---|---|
| ലൈല, മുരിക്കാശ്ശേരി, എടത്തല/9 | 40000/ |
| ഗുണഭോക്താവ്/ വാർഡ് | 40000/ |
| സിറാസ്/ ഷെറീന, മലയിൽ പറമ്പ് ,കുർളാട്/9 | 40000/ |

ലൈഫ് ഭവന പദ്ധതി പട്ടിക ജാതി അഡീഷണൽ ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട 28 ഗുണഭോക്താക്കളിൽ താഴെ പറയുന്ന 12 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായ തുക 400000/ രൂപ പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവ്/ വാർഡ് | അനുവദിച്ച തുക |
|---|---|
| കമലാക്ഷി രാജൻ, / 15 | 80000/ |
| ശശി എം.എം/15 | 140000/ |
| സുഭദ്ര W/o വേലായുധൻ/17 | 200000/ |

| | |
|---|---|
| ശശികലാ രാമൻ/15 | 40000 |
| മിനി ചന്ദ്രൻ /15 | 40000/ |
| സുനിത രാജേഷ്/6 | 160000/ |
| ചന്ദ്രിക W/o രമേഷ്/12 | 40000/ |
| നീലി കണ്ണൻ/13 | 40000/ |
| പ്രഭ, പി കെ/13 | 200000/ |
| കുഞ്ഞുമോൻ/13 | 200000/ |
| പി.എം. കൃഷ്ണൻകുട്ടി/10 | 300000/ |
| അജീഷ്,സി.എസ്&ബിനിത കുട്ടപ്പൻ | 40000/ |

ഫേസ് 3 യിൽ നിന്നും ഫേസ് 2 ലേക്ക് മാറിയ 12ഗുണഭോക്താക്കളിൽ താഴെ പറയുന്ന 2പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ്/ വാർഡ് | അനുവദിച്ച തുക |
|---|---|
| നജ്മ റഫീക്ക്/5 | 200000/ |
| ബീമ ജലാൽ/11 | 200000/ |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20.12.22) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ലാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ -ജനറൽ (So) ,166/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 20000/ (തനതുഫണ്ട്) |
| ചെലവ് | 20000/ (തനതുഫണ്ട് |
| | 5000/ ചെക്ക് നംമ്പർ 78655 തീ. 14.09.21<br>15000/ചെക്ക് നംമ്പർ 78710 തീ. 18.10.21 |

പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് ലൈൻ കണക്ഷന് 5000/ രൂപ വീതം 20000/ രൂപ അനുവദിച്ചു. എന്നാൽ 4 ഗുണഭോക്താക്കളിൽ മൻമഥൻ , ശ്രീരംഗം ,എടത്തല എന്നയാൾ ഗാർഹിക പൈപ്പ് ലൈൻ കണക്ഷനുള്ള അപേക്ഷയ്ക്ക് പകരം കക്കൂസ് മെയിന്റനൻസിനുള്ള അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്. മേൽ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയിലെ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്ന് കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് സബ്സിഡി തുക നൽകേണ്ടത്(6.6.2). എന്നാൽ ഇതിന്റെ അഭാവത്തിലാണ് തുക നൽകിയിരിക്കുന്നത്. പ്രോജക്ട് നം 100/22 കക്കൂസ് മെയിന്റനൻസ് പ്രകാരം 5000/ രൂപ ചെക്ക് നംമ്പർ 78643 തീ. 8.9.21 ന് മൻമഥൻ എന്നയാൾക്ക് അനുവദിച്ചു. 166/22 ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ പ്രകാരം തുക ലഭിച്ച ഗുണഭോക്താവും കക്കൂസ് മെയിന്റനൻസ് പ്രകാരം തുക ലഭിച്ച ഗുണഭോക്താവും ഒന്ന് തന്നെയാണ്. എന്നാൽ കക്കൂസ് മെയിന്റനൻസ് പദ്ധതി പരിശോധിച്ചതിൽ മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ ടിയാൾ ഗുണഭോക്താവ് ആണോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. കക്കൂസ് മെയിന്റനൻസ് ആനുകൂല്യം ലഭിച്ചവരുടെ രജിസ്റ്ററിലും ടിയാളുടെ പേര് ഇല്ല. മേൽ അപാകതൾക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല . രണ്ട് പദ്ധതികളുടെയും ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതിനാൽ മൻമഥൻ എന്നയാൾക്ക് 2 പദ്ധതികളിലായി നൽകിയ 10000/ രൂപയുടെ കൃത്യത ഉറപ്പിക്കാൻ സാധിച്ചില്ല. ആയതിനാൽ 10000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം - അപാകതകൾ

പ്രോജക്ട് നം. -173/22, എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
അടങ്കൽ- 500000/- 434350 (എസ്.സി.പി), 65650/(തനതുഫണ്ട്)
ചെലവ് - 179988/- (എസ്.സി.പി)
104993/ ബിൽ നം- 102/6.11.21
74995 /ബിൽ നം- 391/25.03.22
ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് ടേബിളും ചെയറും നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2021-22 ൽ പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്നും ടേബിളും ചെയറും വാങ്ങി 36 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നിർവഹണത്തിലെ അപാകതകൾ താഴെ പറയുന്നു .

| സബ്സിഡി മാർഗരേഖ | റിമാർക്സ് |
|---|---|

| | |
|---|---|
| പ്രകാരമുള്ള നിബന്ധനകൾ(7.2.7) | |
| സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് പഠനോപകരണങ്ങൾ നൽകേണ്ടത്. | സ്കൂളുകളിൽനിന്നുള്ള ലിസ്റ്റ് പ്രകാരമല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. |
| ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം | പഞ്ചായത്ത് നേരിട്ട് വിതരണം ചെയ്തു. |
| ഒരു വിദ്യാർത്ഥിക്ക് ഒരു പഠനകാലയളവിൽ ഒരിക്കൽ മാത്രം | ഓരോ വർഷത്തേയും ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ /ഡാറ്റബേസ് തയ്യാറാക്കിയിട്ടില്ല. അതിനാൽ ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരാണോ എന്ന് ഉറപ്പുവരുത്താൻ കഴിയില്ല. |
| മറ്റ വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല | മറ്റ് വകുപ്പുകളിൽ നിന്നും വിവരം/ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16.12.22) ന് മറുപടിയിൽ 2018-19 മുതൽ 2020-21വരെ ഫർണിച്ചർ നൽകിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും അറിയിച്ചു.ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

## 1-24 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ടിന്റെ പേര് | S0171/22,എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ, ഫണ്ട് | ₹ 404680/- (എസ് സി പി) |
| ചെലവ് | ₹ 350820/- |
| ബിൽ നമ്പർ/തീയതി | 140825/-, ബിൽ നം- 1/21-22 തീ.28.09.2021<br>56330/- , ബിൽ നം -3/21-22 തീ. 25.10.21<br>153665/- , ബിൽ നം 416 /30.03.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, |

പട്ടികജാതി വിഭാഗത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനുള്ള ഈ പദ്ധതി 2020-21 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2021-22 വർഷത്തിലാണ് പൂർത്തിയായിട്ടുള്ളത്. 2021-22 ൽ 10 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിതരണത്തിനായി ലാപ്ടോപ്പുകൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഫയലിൽ ചേർത്തിട്ടുള്ള രേഖകൾ പ്രകാരം 2021-22 വർഷത്തിൽ 5 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുള്ളത് 140825/- രൂപ ചെലവഴിച്ചാണ്. അതായത് ലാപ്ടോപ്പ് ഒന്നിന് 28165 /- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. എന്നാൽ സി.പി.ആർ.സി.എസ് വഴി 25.10.21 ൽ 56330 രൂപ ഐ.ടി മിഷന് കൈമാറിയെങ്കിലും ടി തുകയ്ക്കുള്ള ലാപ് ടോപ് കെൽട്രോണിന് സപ്ലൈ ചെയ്യാൻ കഴിയാത്തതിനാൽ മേൽ തുക പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിൽ റീഫണ്ട് വന്നിട്ടുണ്ട്. തുടർന്ന് ജെം വഴി 5 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുള്ളത് 2,09995/- രൂപയ്ക്കാണ്. അതായത് ഒരു ലാപ്ടോപ്പിന് 41,999/- രൂപ ചെലവ് വന്നിട്ടുണ്ട്. ഒരേ പദ്ധതിയിൽ രണ്ട് തവണയായി വാങ്ങൽ നടത്തിയതിനാലാണ് ഒരു ലാപ്ടോപ്പിന് തന്നെ 13834/- രൂപ അധികം നൽകേണ്ടി വന്നത്. സ.ഉ(പി)നം. 259/2010/ത.സ്വ.ഭ. വ തീയതി 8.11.2010, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമം പാലിക്കാത്തതിനാൽ 69170/- (13834 X 5) രൂപയുടെ അധികച്ചെലവ് വന്നു.

2) ജി ഒ (ആർ ടി) നമ്പർ 482/2022 / തസ്വഭവ തീയതി 28.02.2022 ഉത്തരവ് മുഖേന വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് GeM പോർട്ടലിൽ നിന്നും വാങ്ങുന്നതിനുള്ള സ്പെസിഫിക്കേഷൻ നിഷ്കർഷിച്ചിട്ടുണ്ട്. 4GB DDR4 RAM മെമ്മറിയുള്ള ലാപ്ടോപ്പാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയിൽ വാങ്ങി വിതരണം നടത്തിയിട്ടുള്ളത് 8GB RAM മെമ്മറിയുള്ള ലാപ്ടോപ്പുകളാണ്. സി.പി.ആർ.സി.എസ് വഴി വാങ്ങിയ ലാപ്ടോപ്പിന്റെ വിലയേക്കാൾ ഉയർന്ന വില നൽകേണ്ടി വന്നതിന്റെ ഒരു കാരണം സർക്കാർ ഉത്തരവിലെ സ്പെസിഫിക്കേഷൻ പാലിക്കാത്തതിനാലാണെന്ന് കാണുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16.12.22) നൽകിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ ബന്ധപ്പെട്ട രേഖകൾ സമയത്ത് ഹാജരാക്കാത്തതും കെൽട്രോണിന്റെ കരാർ തീർന്ന സാഹചര്യത്തിലും ആണ് GEM വഴി ഓർഡർ നൽകിയതെന്നും അറിയിച്ചു. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും

പാലിച്ചുകൊണ്ടാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-25 ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ - അപാകതകൾ .

പ്രോജക്റ്റ് നം- SO159/2022
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ- 3241200(2790200-ധനകാര്യ കമ്മീഷൻ അവാർഡ്,451000-തനത് ഫണ്ട് )
ചെലവ് - 668000/- BRN90305/09.02.22(ധനകാര്യ കമ്മീഷൻ അവാർഡ് )

എടത്തല ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 12.01.2022 ലെ 19(1)നം തീരുമാന പ്രകാരം 31.03.22 ന മുൻപ് പണി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ COSTFORD മായി ഗ്യാസ് ശ്മശാനം സ്ഥാപിക്കൽ പൂർത്തീകരണം എന്ന പദ്ധതിക്കുള്ള സപ്ലിമെന്ററി കരാർ 12.01.22 ൽ ചമയ്ക്കുകയും കരാർ വ്യവസ്ഥകൾ പ്രകാരമുള്ള രണ്ടാം ഗഡു നല്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ സമയബന്ധിതമായി പണി പൂർത്തീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കൂടുതൽ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

### 1-26 വയോജനങ്ങൾക്ക് കട്ടിൽ -760378/രൂപയുടെ ചെലവ് വിവരം വ്യക്തമല്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ 2021-22 വർഷത്തെ ചെലവ് പത്രിക പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു. എന്നാൽ പ്രോജക്ടുകളുടെ തുക ചെലവ് ചെയ്തിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | വയോജനങ്ങൾക്ക് കട്ടിൽ ജനറൽ (SO), 169/22 | 158250/(പൊ.വി-157650/, തനത് ഫണ്ട്-600/) | 109618/ |
| 2 | വയോജനങ്ങൾക്ക് കട്ടിൽ ജനറൽ, 36/22 | 815000/(പൊ.വി) | 650760/ |

